**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2842** **25-06-2024 - ൽ മറുപടിയ്ക്ക്**

**ശാസ്താംപൂവ്വം ട്രൈബൽ കോളനിയിലെ കുടിവെള്ളപ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ ശാസ്താംപൂവ്വം ട്രൈബൽ കോളനിയിലെ എഴുപതോളം വരുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ കുടിവെള്ളപ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനും അവരുടെ വീടുകളുടെ അടിയന്തര അറ്റകുറ്റപണികൾ നടത്തി വാസയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ ശാസ്താംപൂവ്വം പട്ടികവർഗ്ഗ പ്രദേശത്തെ കുടുംബങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വനം വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. അർഹരായ കുടുംബങ്ങളുടെ വീടുകൾ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി വാസ യോഗ്യമാക്കുന്നതിന് ഭവന പൂർത്തീകരണ പദ്ധതിയിലും, സേഫ് പദ്ധതിയിലും ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ